ഉത്തരം

(എ) ഇല്ല.

(ബി) കെ. എച്ച്. ആർ. ഡബ്ലിയു. എസ്. 1955-ാംമാണ്ടിലെ ട്രാവൻകൂർ കൊച്ചിൻ ലിറ്ററേറി സയന്റിഫിക്ക് ആൻറ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് XII പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട ഒരു സ്ഥാപനമാണ്. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വരുന്നില്ല.

(സി) പഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞ സ്ഥാപനങ്ങളിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് അതാത് പഞ്ചായത്ത് അധികാരികളാണ്.

(ഡി) ആവശ്യമായ ഫണ്ട് നൽകി ആവശ്യപ്പെടുകയാണെങ്കിൽ അവ നിർമ്മിച്ച് നൽകാൻ സാധിക്കുന്നതാണ്.

കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈറ്റിയിലെ നിയമനങ്ങൾ

112 [1291] ശ്രീ. എ. സി. ഷൺമുഖദാസ്:

,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈറ്റിയിലെ നിയമനങ്ങൾ പബ്ലിക് സർവീസ് കമ്മീഷന് വിട്ടുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ;

(ബി) ഇതു സംബന്ധിച്ച് ആവശ്യമായ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനു കാരണമെന്താണെന്ന് വെളിപ്പെടുത്താമോ;

(സി) 1995 മാർച്ച് മാസം 22-ാം തീയതിക്കുശേഷം പ്രസ്തുത സൊസൈറ്റിയിൽ നിയമനങ്ങൾ നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഏതെല്ലാം തസ്തികകളിൽ നിയമിച്ചു;

(ഡി) ഈ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ. എച്ച്. ആർ. ഡബ്ലിയു. എസ്. നിയമനങ്ങൾ പി. എസ്. സി.-ക്ക് വിട്ടുകൊടുക്കുവാൻ 6-6-1995-ലെ ഗവേണിംങ്ങ് ബോഡി തീരുമാനിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly